ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 23.08.2025**

## പ്രധാന വാർത്തകൾ

**TIME : 12.50 PM**

1. ബഹിരാകാശ മേഖലയിലെ നൂതന സാങ്കേതിക വിദ്യകളിൽ ഇന്ത്യ അതിവേഗം മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദേശീയ ബഹിരാകാശ ദിനത്തിൽ ആശംസ അറിയിച്ച് പ്രധാനമന്ത്രി.
   Prime Minister Narendra Modi said that India is making rapid progress in advanced technologies in the space sector. Prime Minister extends greetings on National Space Day.
2. ഓൺലൈൻ ഗെയിമിംഗ് ബിൽ ഉൾപ്പെടെ പാർലമെന്റ് പാസാക്കിയ അഞ്ച് ബില്ലുകൾക്ക് രാഷ്ട്രപതിയുടെ അംഗീകാരം.
   President approves five bills passed by Parliament, including the Online Gaming Bill.
3. ജിഎസ്ടി കൗൺസിലിന്റെ 56-ാമത് യോഗം അടുത്ത മാസം മൂന്നിന് ന്യൂഡൽഹിയിൽ ആരംഭിക്കും.
   The 56th meeting of the GST Council will begin in New Delhi on the 3rd of next month.
4. കേരളത്തിൽ ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തു. ജാഗ്രത ശക്തമാക്കി ആരോഗ്യവകുപ്പ്.

One more person reported with amoebic encephalitis in Kerala. Health Department has intensified alert.

5. ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ ഇന്നലെയുണ്ടായ മേഘവിസ്ഫോടനത്തിൽ വ്യാപകനാശനഷ്ടം.

Wide spread damage reported in the cloudburst that occurred in Uttarakhand's Chamoli district yesterday

6. 134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ഫൈനലിൽ ഇന്ന് ഡയമണ്ട് ഹാർബർ എഫ്.സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും.

Diamond Harbour FC will face North East United in the final of the 134th Durand Cup football tournament today.

****************************************

## NATIONAL SPACE DAY

ഇന്ന് ദേശീയ ബഹിരാകാശദിനം. 2023 ആഗസ്റ്റ് 23-ന് ISRO യുടെ ചന്ദ്രയാൻ-3 ദൗത്യത്തിലൂടെ വിക്രം ലാൻഡർ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ വിജയകരമായി സോഫ്റ്റ് ലാന്റിങ് നടത്തിയതിന്റെ ഓർമ്മയ്ക്കായാണ് ദിനാചരണം. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ പേടകം ഇറക്കുന്ന ലോകത്തെ ആദ്യത്തെ രാജ്യവും ചന്ദ്രോപരിതലം സ്പർശിക്കുന്ന നാലാമത്തെ രാജ്യവുമായി ഇന്ത്യ മാറി. ആര്യഭട്ട മുതൽ ഗഗൻയാൻ വരെ - പ്രാചീന വിജ്ഞാനത്തിൽ നിന്ന് അനന്ത സാധ്യതയിലേക്ക് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

****************************************

## PM-SPACE DAY (INTRO)

ബഹിരാകാശ മേഖലയിലെ നൂതന സാങ്കേതികവിദ്യകളിൽ ഇന്ത്യ അതിവേഗം മുന്നേറുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബഹിരാകാശ മേഖലയിലെ ഇന്ത്യയുടെ പുരോഗതി സാധാരണക്കാരുടെ ജീവിതം കൂടുതൽ

മെച്ചപ്പെടുത്തിയതായി അദ്ദേഹം പറഞ്ഞു. ദേശീയ ബഹിരാകാശ ദിനത്തോട് അനുബന്ധിച്ച് ISRO സംഘടിപ്പിച്ച പരിപാടിയിൽ വീഡിയോ സന്ദേശം നല്കുകയായിരുന്നു പ്രധാനമന്ത്രി. ചുരുങ്ങിയ സമയത്തിനുള്ളിൽ ദേശീയ ബഹിരാകാശ ദിനം യുവാക്കൾക്കിടയിൽ ആവേശത്തിന്റെയും ആകർഷണത്തിന്റെയും അവസരമായി മാറിയെന്നും ഗഗൻയാൻ ദൗത്യം ഉടൻ ആരംഭിക്കുമെന്നും
അദ്ദേഹം പറഞ്ഞു. ബഹിരാകാശരംഗത്ത് രാജ്യം ഇതിനോടകം ഒട്ടനവധി നേട്ടങ്ങൾ കൈവരിച്ചതായും വരും കാലങ്ങളിൽ ഇന്ത്യ സ്വന്തമായി ബഹിരാകാശ നിലയം നിർമ്മിക്കുമെന്നും ശ്രീ മോദി കൂട്ടിച്ചേർത്തു. **(ഹോൾഡ് വോയിസ്)**

***************************************

## PREZ-ASSENT

ഓൺലൈൻ ഗെയിമിംഗ് പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ബിൽ-2025ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു അംഗീകാരം നൽകി. പണം ഈടാക്കിയുള്ള ഓൺലൈൻ ഗെയിമിങ് സേവനങ്ങൾ, പരസ്യങ്ങൾ, സാമ്പത്തിക ഇടപാടുകൾ എന്നിവ വിലക്കുന്നതാണ് ബിൽ. ആദായ നികുതി നിയമം 2025, നികുതി നിയമങ്ങൾ (ഭേദഗതി) 2025, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഭേദഗതി) നിയമം 2025, ഖനി, ധാതു വികസന, നിയന്ത്രണ ഭേദഗതി നിയമം 2025, ഇന്ത്യൻ തുറമുഖ ബിൽ 2025, എന്നിവയ്ക്കും രാഷ്ട്രപതി അംഗീകാരം നൽകി.

***************************************

## PM-JAPAN-CHINA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നാല് ദിവസത്തെ ജപ്പാൻ, ചൈന സന്ദർശനത്തിന് ഈ മാസം 29 ന് തുടക്കമാകും. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. പ്രതിരോധം, സുരക്ഷ, വ്യാപാരം, സമ്പദ്വ്യവസ്ഥ, സാങ്കേതികവിദ്യ, നവീകരണം

എന്നിവയുൾപ്പെടെ ഇന്ത്യയും ജപ്പാനും തമ്മിലുള്ള തന്ത്രപരവും ആഗോളവുമായ പങ്കാളിത്തം ചർച്ചയാകും. പര്യടനത്തിന്റെ രണ്ടാം പാദത്തിൽ പ്രധാനമന്ത്രി ഈ മാസം 31 മുതൽ അടുത്ത മാസം 1 വരെ ചൈന സന്ദർശിക്കും. ടിയാൻജിനിൽ നടക്കാനിരിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനാ ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും. ഉച്ചകോടിയുടെ ഭാഗമായി, ശ്രീ മോദി നിരവധി ആഗോള നേതാക്കളുമായി ഉഭയകക്ഷി ചർച്ചകൾ നടത്തും.

**************************************

## VP-NOMINATIONS

17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലേക്ക് ലഭിച്ച 68 നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ നടന്നു. 46 സ്ഥാനാർത്ഥികളാണ് പത്രിക നൽകിയത്. 19 സ്ഥാനാർത്ഥികൾ സമർപ്പിച്ച 28 നാമനിർദ്ദേശ പത്രികകൾ തള്ളി. അടുത്ത മാസം 9 നാണ് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്. മഹാരാഷ്ട്ര ഗവർണർ സിപി രാധാകൃഷ്ണൻ എൻഡിഎ സ്ഥാനാർത്ഥിയായും മുൻ സുപ്രീം കോടതി ജഡ്ജി ബി സുദർശൻ റെഡ്ഡി I.N.D.I. സഖ്യ സ്ഥാനാർത്ഥിയായും മത്സരിക്കും.

**************************************

## GST COUNCIL-MEETING

ജിഎസ്ടി കൗൺസിലിന്റെ 56-ാമത് യോഗം അടുത്ത മാസം 3, 4 തീയതികളിൽ ന്യൂഡൽഹിയിൽ നടക്കും. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ യോഗത്തിൽ അധ്യക്ഷത വഹിക്കും. കഴിഞ്ഞ വർഷം ഡിസംബറിൽ രാജസ്ഥാനിലെ ജയ്സാൽമീറിൽ നടന്ന ജിഎസ്ടി കൗൺസിൽ യോഗത്തിൽ, ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട നിരവധി തീരുമാനങ്ങൾ എടുത്തിരുന്നു.

**************************************

## GEORGE KURIAN

മലപ്പുറം, പാലക്കാട് ജില്ലകളിലെ യാത്രക്കാർക്ക് ആശ്വാസമായി നിലമ്പൂർ മെമു ഇന്ന് സർവീസ് ആരംഭിക്കും. നിലമ്പൂരിലേക്കുള്ള ട്രെയിനിന്റെ ആദ്യ യാത്ര ഇന്ന് രാത്രി ഷൊർണ്ണൂരിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്യും.

**************************************

## PM-NATURAL FARMING MISSION

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിലെ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ചിൽ പ്രകൃതിദത്ത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ദേശീയ ദൗത്യത്തിന് തുടക്കം കുറിക്കും. കേന്ദ്രീകൃത പദ്ധതിയായി കഴിഞ്ഞ വർഷം നവംബറിൽ കേന്ദ്ര മന്ത്രിസഭ ദൗത്യത്തിന് അംഗീകാരം നൽകിയിരുന്നു. കേന്ദ്രത്തിന്റെ 1,584 കോടി രൂപയും സംസ്ഥാനത്തിന്റെ 897 കോടി രൂപയാണ് പദ്ധതിയുടെ വിഹിതം. മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുക, ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുക, കാലാവസ്ഥാ മാറ്റങ്ങളെ പ്രതിരോധിക്കുക തുടങ്ങിയവയാണ് ദൗത്യം ലക്ഷ്യമിടുന്നത്.

**************************************

## Rajnath Singh- Defence (INTRO)

ഇന്ത്യ തദ്ദേശീയമായി അഞ്ചാം തലമുറ യുദ്ധവിമാനങ്ങളും അവയുടെ എഞ്ചിനുകളും നിർമ്മിക്കുന്നതിനായുള്ള തയ്യാറെടുപ്പിലാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഫ്രഞ്ച് കമ്പനിയായ സഫ്രാനുമായി ചേർന്ന് രാജ്യത്ത് യുദ്ധവിമാനങ്ങളുടെ എഞ്ചിൻ നിർമ്മാണം ആരംഭിക്കുമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. നവീകരണവും സാങ്കേതിക വികസനവും പ്രോത്സാഹിപ്പിച്ചും ആഭ്യന്തര കമ്പനികൾക്ക് അനുയോജ്യമായ വളർച്ചാ അന്തരീക്ഷം സൃഷ്ടിച്ചും ഇന്ത്യ ശക്തമായ ഒരു പ്രതിരോധ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി.

(ഹോൾഡ്)

****************************************

## amoebic meningoencephalitis

സംസ്ഥാനത്ത് ഒരാൾക്ക് കൂടി അമീബിക് മസ്തിഷ്‌ക ജ്വരം റിപ്പോർട്ട് ചെയ്തു. കോഴിക്കോട് ചികിത്സയിലുള്ള മലപ്പുറം കാപ്പിൽ സ്വദേശിനിയായ 55കാരിയ്ക്കാണ് പുതുതായി രോഗം റിപ്പോർട്ട് ചെയ്തത്. ഇതോടെ മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ളവരുടെ എണ്ണം ആറായി. അമീബിക് മസ്തിഷ്‌ക ജ്വരത്തിനെതിരെ ജാഗ്രത ശക്തമാക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

****************************************

## TIK TOK

ഇന്ത്യയിൽ ടിക് ടോക്കിന്റെ നിരോധനം നീക്കാൻ യാതൊരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ലെന്ന് കേന്ദ്രം. രാജ്യത്ത് ടിക് ടോക്കിന്റെ നിരോധനം നീക്കിയെന്ന തരത്തിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. ഇന്ത്യയിൽ ഉപയോക്താക്കൾക്ക് ടിക് ടോക്കിന്റെ വെബ്സൈറ്റ് ഹോംപേജ് ഉപയോഗിക്കാൻ കഴിയുമെന്ന റിപ്പോർട്ടുകൾക്കിടെയാണ് വിശദീകരണം.

****************************************

## LOGISTIC PARK

ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി കളമശ്ശേരിയിൽ ആരംഭിക്കുന്ന അദാനി ലോജിസ്റ്റിക്സ് പാർക്കിന്റെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. 70 ഏക്കർ ഭൂമിയിൽ 13 ലക്ഷം ചതുരശ്ര അടിയിലധികം വിസ്തൃതിലാണ് സംയോജിത ലോജിസ്റ്റിക്സ് പാർക്ക് സജ്ജമാവുക. പദ്ധതിയിലൂടെ ആയിരക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് വിലയിരുത്തൽ.

****************************************

## Uttarakhand cloud burst

ഉത്തരാഖണ്ഡിലെ ചമോലി ജില്ലയിൽ ഇന്നലെ രാത്രിയുണ്ടായ കനത്ത മഴയെത്തുടർന്നുണ്ടായ മേഘവിസ്ഫോടനത്തിൽ വ്യാപകനാശനഷ്ടം. നിരവധി വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചു. സംസ്ഥാന ദുരന്ത നിവാരണ സേനയുടെയും പോലീസിന്റെയും നേതൃത്വത്തിൽ രക്ഷാ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കനത്ത മഴയെത്തുടർന്ന് തരാളി തഹസിലിലെ 12-ാം ക്ലാസ് വരെയുള്ള എല്ലാ സ്കൂളുകൾക്കും അംഗൻവാടികൾക്കും ജില്ലാ ഭരണകൂടം അവധി പ്രഖ്യാപിച്ചു. അതേസമയം, ഡെറാഡൂൺ, നൈനിറ്റാൾ, ബാഗേശ്വർ, പിത്തോറഗഢ് എന്നിവിടങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു.

****************************************

## DURAND CUP

134-ാമത് ഡ്യൂറണ്ട് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ഫൈനൽ ഇന്ന്. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ഡയമണ്ട് ഹാർബർ എഫ്.സി - നോർത്ത് ഈസ്റ്റ് യുണൈറ്റഡുമായി ഏറ്റുമുട്ടും. വൈകിട്ട് 5.30-നാണ് മത്സരം.

****************************************

## WRESTLING

ബൾഗേറിയയിലെ സമോക്കോവിൽ നടക്കുന്ന അണ്ടർ 20 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ കാജൽ ദോചകിന് സ്വർണം. വനിതകളുടെ 53 കിലോഗ്രാം വിഭാഗത്തിൽ സാരികയും, 50 കിലോഗ്രാം വിഭാഗത്തിൽ ശ്രുതിയും വെങ്കല മെഡൽ നേടി. ഇന്ത്യ ഇതുവരെ, രണ്ട് സ്വർണം, നാല് വെള്ളി, മൂന്ന് വെങ്കലം ഉൾപ്പെടെ ഒമ്പത് മെഡലുകൾ നേടിയിട്ടുണ്ട്.

****************************************

## TN-RAINS

തമിഴ്നാടിന്റെ മിക്ക ഭാഗങ്ങളിലും അടുത്ത രണ്ട് ദിവസത്തേക്ക് മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. ഒഡീഷ, പശ്ചിമ ബംഗാൾ തീരങ്ങളിൽ വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ പുതിയ ന്യൂനമർദ്ദം രൂപപ്പെടാനുള്ള സാധ്യത കണക്കിലെടുത്താണ് ഇത് . കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ ചെന്നൈ, തിരുവള്ളൂർ, കാഞ്ചീപുരം, റാണിപേട്ട്, വെല്ലൂർ ജില്ലകളിൽ വ്യാപക മഴയും ഇടിമിന്നലും ഉണ്ടായി.

***********************************************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിന്റെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 29 വരെ പങ്കുവയ്ക്കാം.

*

***********

*************************************